## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 996 — 08.01.2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വികസന വകുപ്പിനായി ബഡ്ജറ്റിൽ അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയെത്ര; അത് ഏതെല്ലാം പരിപാടികൾക്കായാണ് ചെലവഴിച്ചതെന്നും ഓരോ പരിപാടിയുടെ ചെലവിന്റെ ശതമാനവും വ്യക്തമാക്കുമോ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിനുവേണ്ടി പദ്ധതിയിനത്തിൽ 73329.58 ലക്ഷം രൂപയാണ് വകയിരുത്തിയത്. പദ്ധതികളുടെ വിവരങ്ങളും ചെലവഴിച്ച തുകയും ശതമാനവും അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക, പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ; ഓരോ പദ്ധതിയിലേയും നാളിതുവരെയുള്ള ചെലവിന്റെ ശതമാനവും വ്യക്തമാക്കുമോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി 103644 ലക്ഷം രൂപയാണ് വകയിരുത്തിയത്. പദ്ധതി തിരിച്ചുള്ള നാളിതുവരെയുള്ള ചെലവിന്റെ വിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിനിയോഗം ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? | (സി) | പട്ടികജാതി ക്ഷേമവകുപ്പ് വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ വിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് എല്ലാ മാസവും പുരോഗതി അവലോകനം നടത്തുകയും ഇതിന് തുടർച്ചയായി ഡയറക്ടർ ജില്ലാ പട്ടികജാതി വികസന ഓഫീസർ-മാരുമായി പദ്ധതി അവലോകനം നടത്തുകയും നിർവ്വഹണത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അത് |

(- - - 2)

ക്രിയാത്മകമായി ഇടപെട്ട് പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ യോഗം ജില്ലാ ഓഫീസർമാർ വിളിച്ചു ചേർക്കുകയും പദ്ധതി വിനിയോഗം വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

Bali K.J

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**